# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1008 **08.01.2014-ൽ മറുപടിയ്ക്ക്**

**പ്രീ മെട്രിക് ഹോസ്റ്റൽ സൗകര്യം**

**ചോദ്യം** | **ഉത്തരം**

ശ്രീ. എം.ഹംസ

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീ മെട്രിക് ഹോസ്റ്റൽ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായി 88 പ്രീ മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ഹോസ്റ്റലുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 8 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 4 |
| കോട്ടയം | 4 |
| ഇടുക്കി | 5 |
| എറണാകുളം | 5 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 15 |
| മലപ്പുറം | 6 |
| കോഴിക്കോട് | 7 |
| വയനാട് | 1 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 8 |
| ആകെ | 88 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പദ്ധതിയാണ്. അവയുടെ അടിസ്ഥാന സൗകര്യ വികസനം നടത്തിപ്പ് എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നിരുന്നാലും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഹോസ്റ്റൽ അന്തേവാസികൾക്ക് നല്ല ഭക്ഷണം, സ്റ്റഡി ടേബിളുകൾ, ചെയറുകൾ, ബെഡ്ഡ്, ശരിയായ വെളിച്ചം, ഫാൻ മുതലായ സൗകര്യങ്ങൾ | (സി) | ഹോസ്റ്റൽ അന്തേവാസികൾക്ക് നല്ല ഭക്ഷണം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. സ.ഉ(കൈ) നം.85/13/പജപവവിവ തീയതി 26.10.2013 പ്രകാരം പ്രീ മെട്രിക് ഹോസ്റ്റൽ |

(----2)

| | | | |
|---|---|---|---|
| | ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | | അന്തേവാസികളുടെ മെസ്സ് ചാർജ് 1300/-രൂപയിൽ നിന്നും 2,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | പ്രീ -മെട്രിക് ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾ അന്തേവാസികളായി ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രീമെട്രിക് ഹോസ്റ്റലുകളിലായി നിലവിൽ 2099 അന്തേവാസികളുണ്ട്. അന്തേവാസികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ഹോസ്റ്റലുകളുടെ എണ്ണം | നിലവിലുള്ള അന്തേവാസികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 6 | 124 |
| കൊല്ലം | 8 | 154 |
| പത്തനംതിട്ട | 6 | 137 |
| ആലപ്പുഴ | 4 | 89 |
| കോട്ടയം | 4 | 74 |
| ഇടുക്കി | 5 | 174 |
| എറണാകുളം | 5 | 106 |
| തൃശ്ശൂർ | 5 | 108 |
| പാലക്കാട് | 15 | 489 |
| മലപ്പുറം | 6 | 82 |
| കോഴിക്കോട് | 7 | 148 |
| വയനാട് | 1 | 25 |
| കണ്ണൂർ | 8 | 158 |
| കാസർഗോഡ് | 8 | 231 |
| ആകെ | 88 | 2099 |

Bala KJ

**സെക്ഷൻ ആഫീസർ**